മി.സ്പീക്കർ: ഓർഡർ......ഓർഡർ......ചോദ്യം നം. *631

## ഖാദി മേഖലയിലെ നേട്ടങ്ങൾ

*631. ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്;

(ബി) ഈ മേഖലയിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകൽ, വിവിധ യൂണിറ്റുകളുടെ ആരംഭം, ക്ലസ്റ്ററുകളുടെ നടപ്പാക്കൽ എന്നിവയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയത്;

(സി) ഈ നേട്ടങ്ങൾ കൈവരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഭരണതലത്തിൽ നടപ്പാക്കിയത്?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):സർ,

(എ) ഖാദി മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് മികച്ച നേട്ടങ്ങൾ

കൈവരിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിന്റെ സഹായത്തോടെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും സർക്കാരിന് സാധിച്ചു. പുതുതായി 3000 പേരെ കൂടി ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞു. ഈ മേഖലയിൽ ഇപ്പോൾ പതിനയ്യായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഖാദിയുടെ ഉത്പ്പാദനത്തിലും വിപണനത്തിലും വമ്പിച്ച വർദ്ധനവ് ഉണ്ടായി. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഖാദി ഉൽപ്പാദനം 27.50 കോടി രൂപയുടേതായിരുന്നത് ഇപ്പോൾ 46.15 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. നടപ്പ് വർഷം അവസാനിക്കുമ്പോൾ ഇത് 5 വർഷം മുമ്പുള്ളതിന്റെ ഇരട്ടിയാകും എന്ന് കണക്കാക്കുന്നു.

ഖാദിയുടെ വിൽപ്പനയിലും വമ്പിച്ച വർദ്ധനവാണ് ഈ കാലഘട്ടത്തിലുണ്ടായത്. 2010-11 ൽ 56.40 കോടി രൂപയുടെ ഖാദി വസ്ത്രങ്ങളാണ് സംസ്ഥാനത്ത് വിറ്റഴിച്ചതെങ്കിൽ 2014-15 ൽ വിൽപന 112.17 കോടി രൂപയായിട്ടുണ്ട്. റിബേറ്റിനത്തിൽ കഴിഞ്ഞ 4 വർഷത്തിനകം 46.77 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഖാദി തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് താഴെപ്പറയുന്ന

പരിപാടികൾ സർക്കാർ നടപ്പിലാക്കി.

(i) മുഴവൻ ഖാദി തൊഴിലാളികളെയും തൊഴിലാളി വിഹിതം കൂടാതെ തന്നെ ESI യുടെ പരിധിയിൽ ഉൾപ്പെടുത്തി.

(ii) ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5.75 കോടി രൂപ വിതരണം ചെയ്തു.

(iii) ഓണത്തോടനുബന്ധിച്ച് ഖാദി തൊഴിലാളികൾക്ക് നൽകി വന്നിരുന്ന ഫെസ്റ്റിവൽ അലവൻസ് 500 രൂപയിൽ നിന്നും 900 രൂപയാക്കി വർദ്ധിപ്പിച്ചു നൽകി.

(iv) സംസ്ഥാനത്ത് ഖാദി മേഖലയിൽ മിനിമം വേതനം ഫലപ്രദമായി നടപ്പാക്കി. 2010-11 ൽ 10 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ 2014-15 വർഷം 22 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(v) 15 ഖാദി ഉത്പ്പാദന യൂണിറ്റുകൾ ഖാദി ബോർഡിന്റെ കീഴിൽ പുതുതായി ആരംഭിച്ചു.

(vi) ഖാദിബോർഡിന്റെ കീഴിൽ 2012-13 വർഷത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുത്തി 149 ലക്ഷം രൂപ ചെലവ് വരുന്ന ഒരു ക്ലസ്റ്ററും 2013-14 വർഷത്തിൽ തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകൾ

ഉൾപ്പെടുത്തി 250 ലക്ഷം രൂപ ചെലവ് വരുന്ന മറ്റൊരു ക്ലസ്റ്ററും നടപ്പിലാക്കി.

(vii) ഖാദി തൊഴിലാളികളുടെ മിനിമം പെൻഷൻ 500 രൂപയായും പരമാവധി പെൻഷൻ 900 രൂപയായും വർദ്ധിപ്പിച്ചു.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, സ്പെയർപാർട്സ്, പുതിയ ചർക്കകളും തറിയും സ്ഥാപിക്കൽ, റെഡിമെയ്ഡ്പാവ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ്, ഖാദി സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ്, ഏറ്റുകുടുക്ക പരുത്തി സംസ്കരണ യൂണിറ്റിന്റെ വിപുലീകരണം എന്നീ പദ്ധതികളാണ് ഭരണതലത്തിൽ നടപ്പിലാക്കിയത്. ഇതു കൂടാതെ പ്രമുഖ ഗാന്ധിയനായ ശ്രീ. പി. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റി 120 കോടി രൂപയുടെ ആധുനികവൽക്കരണ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 3230 പേർക്ക് പുതിയതായി തൊഴിൽ നൽകാനുള്ള 29.46 കോടി രൂപയുടെ നിർദ്ദേശങ്ങൾ ആദ്യഘട്ടമായി നടപ്പാക്കാൻ തീരുമാനിക്കുകയും ഇതേവരെ 15.21 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള ആധുനികവൽക്കരണ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, ഖാദി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും

ചുമതല അങ്ങ് ഏറ്റെടുത്തശേഷം പ്രസ്തുത മേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പട്ടികയിൽ നമുക്ക് അഭിമാനിക്കാവുന്ന ഒന്നാണ്. ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിന് സംസ്ഥാനത്തെ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസവും സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ യൂണിഫോമും ഖാദിയാക്കി മാറ്റുന്നതിന് ആവശ്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ:സർ, ഈ ഗവൺമെന്റ് വന്ന സമയത്തുതന്നെ ആഴ്ചയിലൊരിക്കൽ ഖാദി ധരിക്കണമെന്ന നിർദ്ദേശം കൊടുത്തിരുന്നു. മിക്കവാറും ബുധനാഴ്ച ദിവസങ്ങളിലാണ് ധരിക്കുവാൻ പറഞ്ഞിട്ടുള്ളത്. അത് നിർബന്ധമല്ല, ഗവൺമെന്റിന്റെ നിർദ്ദേശമാണ്. പലരും അത് പാലിക്കുന്നുണ്ട്. എന്നാൽ എല്ലാവരും പാലിക്കുന്നില്ല. ഖാദിയുടെ പ്രോത്സാഹനാർത്ഥം ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എല്ലാസമയത്തും പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. ആർ. സെൽവരാജ്: സർ, വമ്പിച്ച പ്രതിസന്ധി നേരിടുന്ന മേഖലയാണ് ഖാദി മേഖല. ഖാദി മേഖലയിൽ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന നികുതി

പിൻവലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; അതുപോലെ തന്നെ ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി നികുതി ഒഴിവാക്കിക്കൊണ്ട് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ:സർ, യഥാർത്ഥത്തിൽ ഇന്ത്യയിൽ ഖാദിയെ പ്രോത്സാഹിപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള സ്ഥാപനമായ ഖാദി കമ്മീഷനാണ്. അതിനു കീഴിലാണ് ഓരോ സംസ്ഥാനത്തും ഖാദി ബോർഡുകൾ പ്രവർത്തിക്കുന്നത്.  പുതിയ കേന്ദ്ര ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ ഖാദിക്ക് ചെയർമാനും, കമ്മീഷനും, കമ്മീഷൻ മെമ്പർമാരുമില്ല. ഖാദിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് കേന്ദ്ര ഗവൺമെന്റ് തലത്തിൽ ഖാദി കമ്മീഷണർ തലത്തിൽ യാതൊരു പരിപാടിയും ആവിഷ്കരിക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ കേരളത്തിൽ ഖാദി നിലനിൽക്കുന്നതുതന്നെ കേരളാ ഗവൺമെന്റിന്റെ സഹായംകൊണ്ടാണ്. സമയത്ത് റിബേറ്റ് തരികയും വിൽപ്പനയ്ക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങളൊക്കെ നടത്തുകയും ചെയ്യുന്നതുകൊണ്ടാണ് ഖാദി കേരളത്തിൽ നിലനിൽക്കുന്നത്. ടാക്സ് പിൻവലിച്ചിട്ടുണ്ട്.

ശ്രീ. ഹൈബി ഈഡൻ: സർ, ഖാദി ഉത്പ്പന്നങ്ങളുടെ കംഫർട്ടിനെക്കുറിച്ചോ കേരളത്തിൽ അതിന്റെ പ്രചരണത്തിനെക്കുറിച്ചോ യാതൊരു തർക്കവുമില്ല. പക്ഷെ

പുതിയ തലമുറക്കിടയിൽ പുതിയ ഡിസൈനുകളും പുതിയ രീതിയിലുള്ള വസ്ത്രവും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് ഡിസൈൻ ചെയ്യാനുള്ള തയ്യാറെടുപ്പ് ഗവൺമെന്റ് നടത്തുമോ; അതോടൊപ്പം തന്നെ മാർക്കറ്റിംഗ് സ്റ്റാറ്റജിയുടെ ഭാഗമായി ഇന്ന് ഓൺലൈൻ സൈറ്റുകൾ വഴി ധാരാളം ടെക്സ്റ്റൈലുകൾ വിൽക്കുന്ന സാഹചര്യമുണ്ട്. പുതിയ സൈറ്റുകളുടെ എണ്ണവും വിൽപ്പനയും പരിശോധിച്ചാൽ തന്നെ നമുക്ക് അതറിയാം. ആമസോൺ, ഫ്ലിപ്കാർട്ടുപോലുള്ള സൈറ്റുകൾ ജനങ്ങൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഖാദി ബോർഡിന് വെബ്സൈറ്റുണ്ടോ, മാർക്കറ്റിംഗിന്റെ ഭാഗമായി അത് തുടങ്ങുവാൻ തയ്യാറെടുക്കുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ഇപ്പോൾ തന്നെ അതൊക്കെ തുടങ്ങിയിട്ടുണ്ട്. ചെറുപ്പക്കാരെ മാത്രമല്ല എല്ലാത്തരം ആളുകളെയും ആകർഷിക്കുവാൻ വേണ്ടിയാണ്. മാറുന്ന സാഹചര്യമനുസരിച്ച് ഖാദിയുടെ ഡിസൈനിൽ മാറ്റം വരുത്തി ഉത്പ്പാദനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഖാദിയുടെ മാർക്കറ്റിംഗിനെ സംബന്ധിച്ചിടത്തോളം ധാരാളം ചെറുപ്പക്കാർ ഖാദി ധരിക്കുവാൻ തയ്യാറാകുന്നുണ്ട്. അതനുസരിച്ചുള്ള മാർക്കറ്റിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഖാദി മേഖല ധാരാളം പ്രതിസന്ധി നേരിടുന്നുണ്ട്. ഗവൺമെന്റ് ഏർപ്പെടുത്തിയ നികുതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പിൻവലിച്ചു. പക്ഷെ റിബേറ്റ് വേണ്ട സമയത്ത് വേണ്ട രീതിയിൽ ലഭിക്കുന്നതിന് പ്രയാസമുണ്ട്. കൂടാതെ തമിഴ്നാടിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് ഖാദി വരുന്നു. എല്ലാത്തിലും മായംചേർക്കുന്നതുപോലെ ഖാദിയിലും വ്യാപകമായി മായംചേർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കള്ളഖാദി വലിയ ഒരു പ്രതിസന്ധിയാണ് ഖാദി മേഖലയിൽ ഉണ്ടാക്കിയിരിക്കുന്നത്. എന്റെ ചോദ്യം ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ അനുസരിച്ച് എന്തൊക്കെ പദ്ധതികളാണ് ഖാദി മേഖലയിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ:സർ, അങ്ങ് പറഞ്ഞ കള്ള ഖാദിയുടെ വരവ് തമിഴ്നാട്ടിൽ നിന്നുമാത്രമല്ല മറ്റുപല സ്ഥലങ്ങളിൽ നിന്നും വരുന്നുണ്ട്. ടെക്സ്റ്റയിൽ ഷോപ്പിൽ പോയാൽ ഖാദി ഇവിടെ കിട്ടുമെന്ന ബോർഡുണ്ടാകും കള്ള ഖാദിയാണ് അങ്ങനെ കിട്ടുന്നത്. അത് നിയമംമൂലം നിരോധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കാരണം വർഷങ്ങളായി നിലനിൽക്കുന്ന കാര്യമാണ് ഇത്. ഗോപിനാഥൻ കമ്മിറ്റി റിപ്പോർട്ട് ഖാദി മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള റിപ്പോർട്ടാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3250 ൽപ്പരം തൊഴിലാളികൾക്ക് പുതിയതായി

ജോലി കൊടുക്കുന്നതിനും ആധുനികവത്ക്കരണം നടത്തുന്നതിനുമായി 120 കോടി രൂപയുടെ പദ്ധതി അദ്ദേഹം സമർപ്പിക്കുകയും ഗവൺമെന്റ് അത് ഭാഗികമായി അംഗീകരിക്കുകയും ചെയ്തു. ഏകദേശം മുപ്പത് കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിക്കുകയും അതിന്റെ പകുതി സംഖ്യ അതായത് പതിനഞ്ച് കോടി രൂപയോളം ഗവൺമെന്റ് തരികയുമുണ്ടായി. ഇപ്പോൾ അതിന്റെ പ്രവർത്തനം നടക്കുകയാണ്. പുതിയ ഷെഡ് ഉണ്ടാക്കുക, തറിയിൽ മാറ്റം വരുത്തുക, ചർക്കയിൽ മാറ്റം വരുത്തുക, പുതിയ ഡിസൈനുകൾ ഉണ്ടാക്കുക, ഇങ്ങനെ മാർക്കറ്റിംഗ് രംഗത്തും ഉത്പ്പാദന രംഗത്തും മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു റിപ്പോർട്ടാണ് അദ്ദേഹം തന്നത്. അത് പഠിച്ചശേഷം കുറേയധികം കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങയുടെ കൈയ്യിലിരിക്കുന്ന ഫയലുൾപ്പെടെ കേരള സർക്കാരിന്റെ ചുവപ്പുനാട എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ഫയൽ ഖാദി ബോർഡിന്റെ കീഴിൽ എന്റെ നിയോജകമണ്ഡലത്തിലെ ഇലന്തൂരിലാണ് ഉണ്ടാക്കുന്നത്. അവിടെ ആകെ ഏഴ് തൊഴിലാളികളാണുള്ളത്. ആ ഏഴ് തൊഴിലാളികൾ വളരെക്കാലമായി അവിടെ ജോലി ചെയ്യുന്നു. പക്ഷെ അവർക്ക് മതിയായ വേതനമൊന്നും ഇപ്പോഴും ലഭിക്കുന്നില്ല. അത് ആ യൂണിറ്റിന്റെ

മാത്രം ഗതിയല്ല, ഖാദി മേഖലയിൽ മുമ്പുണ്ടായിരുന്ന തൊഴിലാളികളല്ലാതെ പുതുതായി ആ രംഗത്തേയ്ക്ക് ചെറുപ്പക്കാരാരും വരാൻ തയ്യാറാകുന്നില്ല. അതിന്റെ ഒരു കാരണം, അവർക്ക് നല്ല രീതിയിൽ ജീവിക്കാൻ ആവശ്യമായ ശമ്പളവർദ്ധനവ് ചെറിയതോതിലെങ്കിലും ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക കഴിയുന്നില്ല എന്നുള്ളതാണ്. അതിന് വേണ്ടത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കണം. ഒരു പരിമിതമായ അളവിലെങ്കിലും ഇതിനൊരു മോഡണൈസേഷൻ ഉണ്ടാകണം. തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്ന രീതിയിലുള്ള എൺവയോൺമെന്റ് ഈ യൂണിറ്റുകളിൽ ഉണ്ടാകണം. അത്തരത്തിലുള്ളൊരു സാധ്യതയുണ്ടോ അതിനെ സംബന്ധിച്ച് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ഇലഞ്ഞൂരിലെ കാര്യം അങ്ങേയ്ക്കറിയാമല്ലോ; അവിടെയുണ്ടാക്കുന്ന ഫയൽ ബോർഡുകളെല്ലാം ഗവൺമെന്റിലേയ്ക്കാണ് സപ്ലൈ ചെയ്യുന്നത്. ആത് ഗവൺമെന്റ് ഏറ്റെടുക്കുമ്പോൾ തരുന്ന പൈസ പോരായെന്ന് നിരന്തരമായി ഖാദി ബോർഡ് ആവശ്യപ്പെടാറുണ്ടെങ്കിലും തരാറില്ലായിരുന്നു. അതുകൊണ്ട് ഈ പറഞ്ഞതുപോലെ തൊഴിലാളികൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള സൗകര്യം കൊടുക്കാൻ സാധിക്കുന്നില്ല. പക്ഷെ ഈ മേഖലയെ സംബന്ധിച്ച് വളരെയധികം മാറ്റങ്ങൾ

വരുത്തിയാൽമാത്രമെ അത് നിലനിൽക്കുകയുള്ളൂ. ചില തൊഴിലാളികൾക്ക് ജോലിചെയ്യാനുള്ള അസൗകര്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞതിന് ഒരു പ്രധാനപ്പെട്ട കാര്യം, ഇപ്പോൾ ചർക്കയിൽ കൈകൊണ്ടു നൂൽ നൂക്കുന്നതിന് വളരെ അദ്ധ്വാനഭാരമുണ്ട്. അദ്ധ്വാനഭാരം കുറക്കണമെങ്കിൽ ഇന്നത്തെ പുതിയ രീതിയിലുള്ള ചർക്കകൾ ഉണ്ടാകണം. അതുമാത്രമല്ല കൈകൊണ്ട് ചെയ്യിക്കുന്നതിനു പകരം പവ്വർ ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാകണം. കേന്ദ്ര ഖാദി കമ്മീഷൻ അതിനനുകൂലമല്ല. പവ്വറുപയോഗിക്കാനും സമ്മതിക്കുന്നില്ല. അങ്ങനെയൊരു തടസ്സം മാത്രമെ നിലനിൽക്കുന്നുള്ളൂ. പക്ഷെ ഖാദി രംഗത്ത് ഖാദി ഉത്പാദനവും വിതരണവും കൂലിയും വർദ്ധിപ്പിക്കുന്നതിനും ഇതിൽ വരുന്ന തൊഴിലാളികൾക്ക് ന്യായമായ എന്നുപറയാൻ കഴിയില്ലെങ്കിലും ഒരു വിധം കൊള്ളാവുന്ന കൂലി കിട്ടത്തക്ക രീതിയിലുള്ള സൗകര്യമുണ്ടാക്കാനും വേണ്ടിയുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. വളരെയധികം മാറ്റങ്ങൾ വന്നിട്ടുണ്ട്. മിനിമം വേജസ് കൊടുക്കുന്നുണ്ട്. ഇൻകം സപ്പോർട്ട് സ്കീം വരുണ്ട്. ആ രീതിയൊക്കെ വരുന്നുണ്ട്. എന്നാലും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഖാദി മേഖല കൂടി ബന്ധപ്പെടുത്തണമെന്നുള്ള ആവശ്യം നിലനിൽക്കുകയാണ്. ഏതായാലും ഈ രംഗത്ത് കുറെയധികം മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്

മുന്നോട്ടുപോകാനാണ് ഗവൺമെന്റ് അഗ്രഹിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, സംസ്ഥാനത്ത് ഏറ്റവും താഴ്ന്ന കൂലി ലഭിക്കുന്ന വിഭാഗമാണ് ഖാദി തൊഴിലാളികൾ. ഇവർക്ക് അങ്ങ് സൂചിപ്പിച്ചതുപോലെ തൊഴിലുറപ്പിന്റെ പാതി കൂലി പോലും ലഭിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ കയർ വ്യവസായത്തിലെന്ന പോലെ ഒരു ഇൻകം സപ്പോർട്ട് സ്കീം ഖാദിയിൽ നടപ്പാക്കാൻ കഴിയില്ലേ? കയർ വ്യവസായത്തിൽ ചെയ്യുന്നത് തൊഴിലാളികൾക്ക് ബാങ്ക് വഴി കൂലി നൽകുകയാണെങ്കിൽ മിനിമം കൂലിയിൽ നിന്ന് എന്തു കുറവുണ്ടോ ആ പണം സർക്കാർ ബാങ്ക് അക്കൗണ്ടിലോട്ട് ഇട്ടു കൊടുക്കുകയാണ്. ഇതാണ് ഇൻകം സപ്പോർട്ട് സ്കീം. ഇതുപോലൊരു സ്കീം ഖാദി തൊഴിലാളികൾക്ക് വേണ്ടി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഇപ്പോൾ തന്നെയതുണ്ട്. കൈത്തറിയിലും കയറിലുംപോലെ തന്നെ ഖാദിയിലും ഇൻകം സപ്പേർട്ട് സ്കീമുണ്ട്. ഞാൻ അതിന്റെ കണക്കു പറയാം. 2010-11 -ൽ പത്ത് കോടി രൂപയും 2011-12 ൽ പതിനാല് കോടി അറുപത്തേഴ് ലക്ഷം രൂപയും 2012-13 ൽ ഇരുപതുകോടി രൂപയും 2013-14 ൽ പതിനെട്ട് കോടി രൂപയും കഴിഞ്ഞ വർഷം ഇരുപത്തിരണ്ടു കോടി രൂപയും ആ സ്കീമിനുവേണ്ടി ഗവൺമെന്റ് തന്നു. അതുകൊണ്ടാണ് ഈ തൊഴിലാളിക്ക്

പൈസകൊടുക്കാൻ സാധിക്കുന്നത്. ഇപ്പോൾ ഇൻകം സപ്പോർട്ട് സ്കീം തരുന്നുണ്ട്. അത് നല്ല രീതിയിൽ പോകുന്നുണ്ട്. അതുകൊണ്ട് അവർക്ക് കൂലി കൊടുക്കാനും സാധിക്കുന്നുണ്ട്.

ശ്രീ. പി. എ. മാധവൻ : സർ, സ്വാതന്ത്ര്യ സമരത്തിന്റെ ഒരു വജ്രായുധമായി മഹാത്മജി ഉപയോഗിച്ച ഒരു പ്രസ്ഥാനമാണ് ഖാദി പ്രസ്ഥാനം. ഖാദി തൊഴിലാളികൾ ഇപ്പോഴും ഒരു ത്യാഗം ചെയ്യുന്നതു പോലെയാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ തന്നെ വരികൾക്കുള്ളിലൂടെ ശ്രദ്ധിച്ചാൽ ഏറ്റവും ന്യായമായ കൂലി കൊടുക്കാനുള്ള സാഹചര്യങ്ങൾ അന്വേഷിക്കേണ്ടതുണ്ട് എന്ന് സമർത്ഥിച്ചു കൊണ്ടാണ് മറുപടി. ഖാദി തൊഴിലാളി ക്ഷേമ നിധി ബോർഡിനു തന്നെ കോടിക്കണക്കിനു രൂപ സർക്കാർ ഇപ്പോൾ കുടിശ്ശികയായിട്ടുണ്ട്. പാവപ്പെട്ട തൊഴിലാളികളുടെ ക്ഷേമനിധി ഇനത്തിൽ കോടിക്കണക്കിനു രൂപ കുടിശ്ശിക നിലവിലുള്ളത് സർക്കാരിൽ നിന്ന് വാങ്ങി തൊഴിലാളി ക്ഷേമനിധിയ്ക്കുവേണ്ടി ഉപയോഗിക്കാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കുമോ? മറ്റൊന്ന് ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം മറുപടിയിൽ പറഞ്ഞത് അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഖാദി കൈത്തറി തുണികൾ നിയന്ത്രിക്കാൻ നമുക്ക് കൃത്യമായ സംവിധാനം ഇല്ലാത്തതുകൊണ്ട് ഒരു

ശതമാനം ടാക്സ് ഒഴിവാക്കാൻ കഴിയില്ല, സബ്സിഡൈസ് ചെയ്യാം എന്നാണ്. ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് ഇവിടെ സൂചിപ്പിച്ചതു പോലെ അന്യ സംസ്ഥാനത്തു നിന്നും വരുന്ന കള്ള ഖാദി ഇന്ന് എല്ലാ സ്ഥലങ്ങളിലും സുലഭമാണ്. യഥാർത്ഥ ഖാദിയെ വിശ്വസിക്കാൻ കഴിയാത്ത അന്തരീക്ഷമുണ്ട്. ഈ കള്ള ഖാദി കർശനമായി നിർമ്മാണാവസ്ഥയിൽ തന്നെ നിർത്താൻ ഏറ്റവും മാതൃകാപരമായ ഒരു ഖാദി സ്ഥാപനത്തിന്റെ നിയന്ത്രണം നടത്തുന്ന ബഹുമാനപ്പെട്ട മന്ത്രി ഒന്നല്ല, ഒന്നിലേറെ സ്ഥാപനങ്ങൾ നിയന്ത്രിക്കേണ്ടതുണ്ട്. ഈ കള്ള ഖാദി ഉല്പാദനം തിരിച്ചറിയാൻ യഥാർത്ഥ ഖാദി ഉൽപ്പാദനത്തിൽ എന്തെങ്കിലും ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ശ്രദ്ധിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, അദ്ദേഹം പറഞ്ഞതു ശരിയാണ്. അത് നിയന്ത്രിക്കാൻ പറ്റാത്ത പരിതസ്ഥിതിയുണ്ട്. എനിക്ക് നിങ്ങളോട് പറയാനുള്ളത് എന്തെന്നാൽ നിങ്ങൾ ഈ കള്ള ഖാദി ഉടുക്കാതിരിക്കുക. ബഹുമാനപ്പെട്ട മെമ്പർ ശരിയായ ഖാദിയേ ഉപയോഗിക്കൂ. അദ്ദേഹം പറഞ്ഞകാര്യങ്ങളൊക്കെ ശരിയാണ്. തിരുവനന്തപുരത്ത് രണ്ടു മൂന്ന് ഖാദി ഭണ്ഡാറുണ്ട്. അവിടെ ഭയങ്കര ക്യൂവാണ്. അവിടെ ഞാൻ അറിയുന്ന പല ആൾക്കാരുമുണ്ട്. ആൾക്കാരുടെ പേരൊന്നും പറയില്ല. ചിലപ്പോൾ അവരെല്ലാം തെറ്റിധരിച്ചിട്ടായിരിക്കാം അവിടെ പോകുന്നത്.

അവർക്ക് ശരിയായിട്ടുള്ള ഖാദി ധരിക്കാനുള്ള സന്ദർഭം ഉണ്ടാക്കാൻ നമ്മളെല്ലാം കൂട്ടായി ശ്രമിക്കണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇത് പ്രചരണം കൊണ്ടുമാത്രമെ നടക്കുകയുള്ളൂ, നിയമം കൊണ്ട് നടക്കില്ല. ആ രീതിയിൽ ഗവൺമെന്റും ബന്ധപ്പെട്ട സ്ഥാപനങ്ങളും ഒക്കെ അതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. തീർച്ചയായിട്ടും അതിനു ഗുണം ഉണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഖാദി തൊഴിലാളികളുടെ പല പ്രശ്നങ്ങളും പരിഹരിക്കണമെങ്കിൽ ആ രംഗത്ത് സജീവമായിട്ടുള്ള ഉൽപ്പാദനവും സംഭരണവും വിപണനവും നടക്കണം. യു.ഡി.എഫി-ന്റെ പ്രകടന പത്രികയിൽ ഖാദി കൈത്തറി തുണികൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും യൂണിഫോം കൊടുക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ഖാദി തുണികൾ സ്കൂൾ യൂണിഫോമായി മറ്റാൻ കഴിയില്ലേ: അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ :</u> സർ, പല സ്കൂളുകളും അവരുടെ താല്പര്യങ്ങൾ അനുസരിച്ച് ഖാദിയും കൈത്തറിയും യൂണിഫോമായി കുട്ടികൾക്ക് വാങ്ങുന്നുണ്ട്. ഇതൊന്നും നിർബന്ധമല്ല. ഇവരെ സഹായിക്കാൻ വേണ്ടിയിട്ടാണ്. ഇത്

തൊഴിലാളികൾക്ക് വേണ്ടി മാത്രമല്ല, ഇതൊരു സംസ്കാരത്തിന്റെ ഭാഗമാണ്. സ്വാതന്ത്ര്യസമര കാലത്ത് വിദേശവസ്തുക്കൾ ബഹിഷ്കരിക്കാൻ വേണ്ടി കൊടുത്ത ആഹ്വാനമാണ്. അത് നിലനിർത്താൻ വേണ്ടിയുള്ള സൗകര്യത്തിന് നിർബന്ധബുദ്ധിയോടെ അല്ലാതെ തന്നെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമൊക്കെ വളരെ സജീവമായ പരിഗണന കൊടുക്കുന്നുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഈ ഖാദി വസ്ത്രം കൊടുക്കണമെന്ന തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തതായിരുന്നു. നമ്മുടെ സ്കൂളുകളിൽ നാന്നൂറ് രൂപയാണ് ഒരു കുട്ടിയ്ക്ക് കൊടുക്കുന്നത്. അതുകൊണ്ട് ഖാദി വസ്ത്രങ്ങൾ വാങ്ങി കൊടുക്കാൻ കഴിയില്ല.

ശ്രീ. ലൂഡി ലൂയിസ്: സർ, ഓൺലൈൻ ബിസിനസ്സും ഇ-കോമേഴ്സ്സും ഒക്കെ വളരെയേറെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദേശികളെ ഖാദിയിലേക്ക് ആകർഷിക്കുന്നതിനും ഖാദിയെക്കുറിച്ച് അവർക്ക് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും വേണ്ടിയിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഇപ്പോൾ അത് സ്വീകരിച്ചു വരുകയാണ്.

നമ്മുടെ ഉൽപ്പാദനത്തിൽ വളരെയധികം മാറ്റം വന്നിരിക്കുകയാണ്. 2010-11-ൽ ഉള്ളതിന്റെ ഇരട്ടി ഉൽപ്പാദനവും മാർക്കറ്റിംഗും ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. അതൊക്കെയുണ്ടെങ്കിലും തൃപ്തികരമായിട്ട് മുന്നോട്ടു പോകുവാൻ സാധിച്ചിട്ടില്ല. തീർച്ചയായിട്ടും അങ്ങ് പറഞ്ഞതുപോലെ കുറെ കാര്യങ്ങൾ ഇതിൽ ചെയ്യാത്തതുണ്ട്. അതാണ് ഞാൻ ആദ്യം പറഞ്ഞത്, ഇത് ചെയ്യേണ്ട ഏജൻസി ഖാദി കമ്മീഷനാണ്. അതായത് ഇന്ത്യാ ഗവൺമെന്റാണ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നൂറു ദിവസത്തെ പരിപാടിയിൽ ഖാദി ഉണ്ടായിരുന്നു. ഒന്ന് തിരിഞ്ഞു നോക്കിയില്ല. അങ്ങനെയുള്ള ബുദ്ധിമുട്ടുകളും ഉണ്ട് എന്ന് ഞാൻ അറിയിക്കുകയാണ്.

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, ഖാദിയുടെ ഉല്പാദനവും വിപണനവും തമ്മിലുള്ള അന്തരം അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആസൂത്രണ കമ്മീഷന്റെ സാമ്പത്തിക അവലോകനത്തിൽ ഖാദി നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് പ്രസക്തമായ മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട് - ഗുണം കുറഞ്ഞതും കൃത്രിമവുമായ ഉല്പന്നങ്ങളുടെ കിടമത്സരം, ഉല്പാദനക്ഷമതയുടെ കുറവ്, യന്ത്രവൽക്കരണത്തിന്റെ അഭാവം. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടാൽ കേരളത്തിൽ തന്നെ ആവശ്യത്തിന് ഖാദി ഉല്പാദിപ്പിക്കാൻ കഴിയും. ഇവിടെ ഉല്പാദിപ്പിക്കാത്തതു കൊണ്ടാണ് കള്ളഖാദി കമ്പോളത്തിലേയ്ക്ക് വ്യാപകമായി വരുന്നത്. ഇതിനൊരു

പരിഹാരം ഭാഗികമായിട്ടുള്ള യന്ത്രവൽക്കരണമാണെന്ന് ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു ചർക്കയ്ക്ക് ½ H.P. മോട്ടോർ ഘടിപ്പിച്ചാൽ തൊഴിലാളികൾക്ക് അനായാസേന പണിയെടുക്കാൻ കഴിയും, കൂടുതൽ നൂൽ ഉല്പാദിപ്പിക്കാൻ കഴിയും, അതുപയോഗിച്ച് തുണി നെയ്യാൻ സാധിക്കും. ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, അങ്ങനെ ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന് ബുദ്ധിമുട്ടൊന്നുമില്ല. പക്ഷേ ഖാദി കമ്മീഷൻ സമ്മതിക്കില്ല. ഖാദി നയത്തിന് അംഗീകാരം നൽകുന്നത് ഖാദി കമ്മീഷനാണ്. ഇപ്പോൾ അവരെക്കൊണ്ട് വലിയ കാര്യങ്ങളൊന്നുമില്ലെങ്കിലും ഭാവിയിൽ വല്ലതുമുണ്ടാകും എന്ന നിലയ്ക്ക് വരുമ്പോൾ ഇവിടെ പവർ ഉപയോഗിച്ചു എന്ന ഒറ്റക്കാരണം കൊണ്ട് ചിലപ്പോൾ നിഷേധിച്ചുവെന്നു വരാം. ഈ സഭയിൽ ഖാദി സംബന്ധിച്ചും ഖാദി തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചും കൂടുതൽ അറിയുന്നത് ശ്രീ. സി. കൃഷ്ണനാണ്, അദ്ദേഹത്തിന് യൂണിയനുമുണ്ട്. പല കാര്യങ്ങളിലും അദ്ദേഹവുമായി സംസാരിച്ച് തീരുമാനമെടുത്തിട്ടുണ്ട്. ഏതായാലും പരീക്ഷണാർത്ഥം ഇക്കാര്യം ആലോചിക്കാമെന്നുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്ത് വന്നിട്ടുണ്ട്. ഇരുകൂട്ടരും ആലോചിച്ച് എങ്ങനെ വേണമെന്നുള്ള കാര്യം നമുക്ക് തീരുമാനിക്കാം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അങ്ങയുടെ മറുപടിയിൽ ഖാദിയുടെ പ്രൊഡക്ഷൻ വർദ്ധിച്ചുവെന്ന് പറഞ്ഞു. വിറ്റുവരവ് വർദ്ധിച്ചു, 50 കോടി എന്നത് 110 കോടിയായി. ഖാദിത്തൊഴിലാളികൾക്ക് കൊടുക്കുന്ന ഫെസ്റ്റിവൽ അലവൻസ് 500 രൂപയിൽ നിന്ന് 900 രൂപയാക്കി വർദ്ധിപ്പിച്ചു. മിനിമം വേജസ് 5000 രൂപ. ഇന്നത്തെ കാലഘട്ടത്തിൽ 900 രൂപ ഒന്നുമല്ല. അങ്ങ് ഖാദിയുമായി ബന്ധപ്പെട്ടു നിൽക്കുന്നയാളാണ്. ഓണത്തിന് അങ്ങ് പലർക്കും ഓണസമ്മാനം കൊടുക്കുന്നയാളാണ്. അങ്ങയുടെ കാലത്തെങ്കിലും ഈ പാവപ്പെട്ട ഖാദിത്തൊഴിലാളികളുടെ ഫെസ്റ്റിവൽ അലവൻസ് 900 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, നല്ല ചോദ്യമാണ്. 900 രൂപ കൊടുക്കുന്നതുതന്നെ നിലനിർത്താൻ ബുദ്ധിമുട്ടായിരിക്കുകയാണ്. ഇതിനായി ഗവൺമെന്റ് ഒന്നും തരുന്നില്ല. അങ്ങ് പറഞ്ഞ വിഷയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാം. ഖാദിക്കുവേണ്ടി അദ്ദേഹം എന്തും ചെയ്യും. ഏതായാലും കൊടുത്തുകൊണ്ടിരിക്കുന്നത് തന്നെ നിലനിറുത്താനുള്ള പരിശ്രമത്തിലാണ്. തൊഴിലാളികളുടെ സ്നേഹമില്ലാത്തതുകൊണ്ടല്ല, സാമ്പത്തികമായി ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടാണ്. കൂടുതലായി കൊടുക്കാൻ

സാധിക്കുമോയെന്നുള്ള കാര്യം പരിശോധിക്കാം.

ശ്രീ. ജോസ് തെറ്റയിൽ: സർ, മോഡേണൈസേഷന്റെ അഭാവമാണ് ഈ മേഖലയിലെ പ്രശ്നമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിപ്രായമുണ്ട്. നന്നാക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടെങ്കിലും സാധിക്കുന്നില്ല. ഖാദി ബോർഡിന്റെ കീഴിൽ നിരവധിയിടങ്ങളിൽ സ്വന്തമായ സ്ഥലങ്ങളുണ്ട്. എന്റെ നാട്ടിൽ തന്നെ മൂന്നു നാലിടങ്ങളിൽ സ്വന്തമായി സ്ഥലമുണ്ട്. ഇടിഞ്ഞുപോയ മതിലും പൊളിഞ്ഞുപോയ കെട്ടിടവുമൊക്കെയാണ്, ഒന്നും നടക്കുന്നില്ല. ഈ സ്ഥലങ്ങൾ ഉപയോഗിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ;

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് നൂറുശതമാനവും ശരിയാണ്. ഞാൻ മന്ത്രിയായ വന്ന സമയത്ത് സംസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ എവിടെയൊക്കെയുണ്ട്; വർക്ക് ചെയ്യുന്നത്; അല്ലാത്തത് എന്നതിനെക്കുറിച്ച് പരിശോധന നടത്തി. പഴയ കാലത്ത് ഖാദി ബോർഡിന്റെ കീഴിൽ സഹകരണ സംഘങ്ങളുണ്ടായിരുന്നു. പക്ഷേ അതൊന്നും പ്രവർത്തിക്കാതെയായി. അതുകൊണ്ട് അതിന്റെ ആസ്തി ബാദ്ധ്യത നിർണ്ണയിക്കണമെങ്കിൽ ഒരുപാട് നിയമക്കുരുക്കുകളുണ്ട്. കുറേയധികം പണം ഖാദി ബോർഡിന് കൊടുക്കാനുണ്ട്. ഖാദി കമ്മീഷൻ ഖാദി ബോർഡിന് കൊടുക്കാനുണ്ട്. അങ്ങ് പറഞ്ഞ കാര്യം,

അനാവശ്യമായി സ്ഥലം വെറുതെയിടാൻ പാടില്ല. ഖാദി ബോർഡിന് സാധിച്ചില്ലെങ്കിൽ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കണം. ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ, എളന്തൂരിൽ ഒരു കോളേജിനുവേണ്ടി സ്ഥലം ആവശ്യപ്പെട്ടു. അദ്ദേഹത്തിന് ആവശ്യമുള്ള സ്ഥലം കൊടുത്തു. വടകരയിലും ആവശ്യപ്പെട്ടിട്ടുണ്ട്. ചിലർക്ക് കൊടുക്കാൻ പറ്റുന്നില്ല. പല പഞ്ചായത്തുകളും ചോദിക്കുന്നുണ്ട്. സ്ഥലങ്ങൾ വെറുതെയിട്ടുകൊണ്ടുള്ള സ്ഥിതിയുണ്ടാകാതിരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, വിറ്റുവരവ് കൂടി, ഒരുപാട് പുരോഗതിയുണ്ടായി എന്നു പറഞ്ഞു. പക്ഷേ കേരളത്തിലെ ഖാദി ബോർഡുമായി ബന്ധപ്പെട്ട സംവിധാനങ്ങളെല്ലാം....., ഇന്ന് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയും ശ്രീ. സി. എൻ. ബാലകൃഷ്ണനുമൊക്കെ മന്ത്രിയായിരിക്കുന്ന കാലത്ത് അവർക്ക് ഖാദിയോടുള്ള പ്രതിബദ്ധത കൊണ്ട് ഖാദി ബോർഡിനെ സംരക്ഷിക്കുകയെന്നുള്ള രീതിയിൽ അതിന് പ്രത്യേകമായ പാക്കേജുണ്ടാക്കിയില്ലെങ്കിൽ ഖാദി ബോർഡ് തകർച്ചയിലേയ്ക്ക് പോകും. അതിന് പ്രധാനപ്പെട്ട പല കാര്യങ്ങളുണ്ട്. ഏറ്റവും കൂടുതലുള്ളത് ഇതിന്റെ നോൺ പ്ലാൻ ഫണ്ടിന്റെ അലോട്ട്മെന്റ് വർദ്ധിപ്പിക്കണം. ഏറ്റുകുടുക്കയിലെ പരുത്തി സംസ്കരണ കേന്ദ്രത്തിലെ ഉല്പാദനശേഷി

വർദ്ധിപ്പിക്കണം. അതിനുവേണ്ടി ഒരു പ്ലാന്റ് കൂടി നിർമ്മിക്കണം. പയ്യന്നൂരിലെ ജീവനക്കാരുടെ ശമ്പളം കൊടുക്കുന്നത് വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്, അത് സർക്കാർ കൊടുക്കണമെന്നുള്ള ആവശ്യം ദീർഘനാളായിട്ടുള്ളതാണ്. അതെങ്ങനെ കൊടുക്കാൻ കഴിയുമെന്നുള്ളത് ശ്രീ. സി. എൻ. ബാലകൃഷ്ണൻ മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ നോൺ പ്ലാൻ ഫണ്ട് വർദ്ധിപ്പിക്കണം. ഇതിൽ എല്ലാറ്റിനും ഉപരിയായി ഖാദി ഉല്പന്നങ്ങളും ഖാദി വസ്ത്രങ്ങളും ഇന്ന് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത രീതിയിലുള്ള വിലയാണ്. ഈ വില താങ്ങാനാവാതെ വരുമ്പോൾ പലരും ഈ കള്ളഖാദി പകുതി വിലയ്ക്ക് വാങ്ങും. അതുപോലെ വെറൈറ്റി. ഇങ്ങനെ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇക്കാര്യങ്ങൾ നേരെയാക്കാൻ എന്താണ് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നത്?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ആലോചിച്ച് ആലോചിച്ച് എവിടെയും എത്തുന്നില്ല. ഏറ്റുകുടുക്കയിൽ പ്രൊഡക്ഷൻ ഇരട്ടിയാക്കിയിട്ടുണ്ട്. മോഡേണൈസേഷൻ നടത്തി ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്, അതിനുവേണ്ടി പണം ചെലവാക്കിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പോലെ ഈ രംഗം നിലനിൽക്കണമെങ്കിൽ സാമ്പത്തിക പ്രശ്നം മാത്രമല്ല, ഇതിന് നേതൃത്വഗുണമുള്ള

ആൾക്കാരുടെ കുറവാണ്. ഓരോ സ്ഥാപനങ്ങളും കൊണ്ടുനടക്കാൻ കഴിയുന്ന ആൾക്കാർ വേണം. പണം കൊടുത്തുകഴിഞ്ഞാൽ എല്ലാം ശരിയാവുമെന്ന അഭിപ്രായം ഗവൺമെന്റിനില്ല. എന്നാൽ പണം ആവശ്യമാണ്. ഇതൊക്കെ ആലോചിച്ചുകൊണ്ടാണ് ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് വന്നത്. ആ റിപ്പോർട്ട് പരിപൂർണ്ണമായി നടപ്പിലാക്കുമ്പോൾ അദ്ദേഹം പറഞ്ഞ കാര്യങ്ങളും കൂടി പരിഹരിക്കാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. കെ. നാരായണൻ: സർ, ഖാദിയും കൈത്തറിയും ഒരേ രീതിയിലുള്ള പ്രതിസന്ധികൾ നേരിടുന്നു. ഇത് പരിഹരിക്കാനാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കേരളത്തിലെ സർക്കാർ ജീവനക്കാർ ഒരു ദിവസവും സ്കൂളിലെ കുട്ടികൾ യൂണിഫോമായി കൈത്തറിയും ഖാദിയും ഉപയോഗിക്കണം എന്ന തീരുമാനമെടുത്തത്. ഇപ്പോൾ മന്ത്രി പറയുന്നത് സ്കൂളുകളിൽ ഉപയോഗിക്കുന്നുണ്ട് എന്നാണ്. പക്ഷേ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും കുട്ടികൾക്ക് ഖാദിയോ കൈത്തറിയോ ധരിക്കാനും സർക്കാർ ജീവനക്കാർ ഒരു ദിവസം ഖാദിയോ കൈത്തറിയോ ധരിക്കാനുമുള്ള സംവിധാനമുണ്ടാക്കണം. പണത്തിന്റെ ക്ഷാമം പറഞ്ഞ് ഒഴിഞ്ഞുമാറാൻ പാടില്ല എന്നാണ് പറയാനുള്ളത്.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതുപോലെ ഈ ഗവൺമെന്റ്

വന്നതിനുശേഷവും ഖാദി ധരിക്കാൻ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ കാലത്ത് ഉല്പാദനം 26 കോടിയായിരുന്നു, ഇന്ന് ഉല്പാദനം 46 കോടിയായി. അന്ന് എല്ലാ സ്കൂളുകൾക്കും ഖാദി ധരിക്കാൻ കൊടുക്കാനില്ല, ഇന്നും കൊടുക്കാനില്ല. ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം നടത്തി വരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് എന്തൊക്കെ ചെയ്തുവോ അതൊന്നും വേണ്ടെന്ന് വച്ചിട്ടില്ല. അത് മുന്നോട്ടുപോകുന്നുണ്ട്. അതോടൊപ്പം ഈ ഗവൺമെന്റിന്റെ പോളിസിയും നടപ്പാക്കുന്നുണ്ട്.

## പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി

(*632). ശ്രീ. കെ. മുരളീധരൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. റ്റി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതികൾക്ക് സാമ്പത്തിക സഹായം മാത്രമേ ലഭ്യമാകുന്നുള്ളൂവെന്നും വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും തമ്മിൽ ഇക്കാര്യത്തിൽ ഫലപ്രദമായ ഏകോപനമില്ല എന്നും ഒരേതരം പദ്ധതികൾ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കുന്നുവെന്നും സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ച ടാസ്ക് ഫോഴ്സ് കണ്ടെത്തുകയും അതിൻപ്രകാരം വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും സംരംഭകർക്കായി ഒരു ദൗത്യം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി)

- വിവിധ സർക്കാർ ഏജൻസികൾ, ബാങ്കുകൾ എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുകയും സംരംഭകർക്ക് പദ്ധതി തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക.
- വിവിധ സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ച് വ്യാപകമായ

പ്രചാരണം നൽകി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സഹായിക്കുക.

- പ്രോജക്ട് തയ്യാറാക്കുക, ധനകാര്യ വിപണന സ്രോതസ്സുകളുമായി സംരംഭകനെ ബന്ധിപ്പിക്കുക, സാങ്കേതിക സഹായം നൽകുക, കൈത്താങ്ങ് നൽകി പരിപോഷിപ്പിക്കുക., ശേഷി വികസനത്തിനാവശ്യമായ സഹായം നൽകുക തുടങ്ങി സംരംഭകന് ആവശ്യമായ എല്ലാം ഒരേ കുടക്കീഴിൽ പ്രദാനംം ചെയ്യുക.
- വകുപ്പുകളുടെ വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ അനുബന്ധഘടകങ്ങൾ ലഭ്യമാക്കുക.
- സംസ്ഥാനത്ത് വലിയതോതിൽ തൊഴിലും തൊഴിൽ സംരംഭങ്ങളും സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഏകോപിത സംവിധാനമായി പ്രവർത്തിക്കുക.

(സി) വിവിധ സർക്കാർ ഏജൻസികൾ ബാങ്കുകൾ എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന് സംസ്ഥാന ആസൂത്രണബോർഡ് നിയോഗിച്ച ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും പുതിയ സംരംഭകർക്കായി ഒരു ദൗത്യം

രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടാസ്ക് ഫോഴ്സ് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് 27/05/2015 ലെ സർക്കാർ ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതിയും വിവിധ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ എട്ട് ഉപസമിതികളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട ഉന്നതാധികാര സമിതികളുടെയും ഉപ സമിതികളുടെയും ഒരു യോഗം 22/07/2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും പദ്ധതി നടത്തിപ്പ് പുരോഗതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, പുതിയ തൊഴിൽ സംരംഭകരെ സംരക്ഷിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ കോംപ്രിഹെൻസീവ് മിഷൻ ഓൺ എംപ്ലോയ്മെന്റ് ജനറേഷൻ എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതിനായി ഇരുപത്തിയഞ്ച് കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. സംരംഭകർക്ക് ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട്, സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട്, ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ചലഞ്ച് ഫണ്ട് തുടങ്ങിയവ ലഭ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഈ പദ്ധതികൾ നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എന്തൊക്കെ നേട്ടങ്ങൾ ഈ പദ്ധതി മുഖേന കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. കെ. ബാബു: സർ, വിവിധ ഏജൻസികളിൽ നിന്ന് പണം ലഭിക്കുന്ന

സംരംഭകർക്ക് ഏകോപിതമായൊരു രൂപം ഉണ്ടാക്കുകയും പണം മാത്രം നൽകുന്നതിന് പകരം മറ്റു സഹായങ്ങൾ നൽകുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിക്കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. തൊഴിൽ അന്വേഷകരുടെ വിഭാഗത്തിൽ സ്കിൽഡും അൺസ്കിൽഡും ആയിട്ടുള്ള തൊഴിൽ അന്വേഷകരുണ്ട്. വിദഗ്ദ്ധർക്ക് തൊഴിൽ സംരംഭത്തിനായി സീഡ് ഫണ്ട് നൽകുകയും അൺസ്കിൽഡ് തൊഴിൽ അന്വേഷകർക്ക് നൈപുണ്യ വികസനം നൽകുകയും ചെയ്യുന്നുണ്ട്. അങ്ങനെ വിവിധ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വിവിധ ഏജൻസികളും ഡിപ്പാർട്ടുമെന്റും നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് തൊഴിൽ സംരംഭകരെ സഹായിക്കാൻ വേണ്ടിയാണ് ഈ ദൗത്യം.

ശ്രീ. കെ. മുരളീധരൻ: സർ, പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി പെർഫോമൻസ് ലിങ്ക്ഡ് സപ്പോർട്ട് സ്കീം ഫോർ സ്റ്റാർട്ട്-അപ്പ്സ് എന്നൊരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് സ്റ്റാർട്ട്-അപ് സംരംഭകർക്ക് നൽകുന്നത്. അതോടൊപ്പം തന്നെ കെ.എസ്.ഐ.ഡി.സി.യും കേംബ്രിഡ്ജ് ജഡ്ജ് ബിസിനസ്സ് സ്കൂളുമായി ഒരു സഹകരണ പദ്ധതിയും ആവിഷ്കരിച്ചു. ഇത് സാധ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് നടപ്പാക്കിയത്?

ശ്രീ. കെ. ബാബു: സർ, ഇതുമായി ബന്ധപ്പെട്ട് എട്ട് ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. അതിൽ ആറ് ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞു. ബാക്കി രണ്ട് ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ട് നാളെ കിട്ടും. ഇതിന്റെ വിവിധ വശങ്ങളെ കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ തന്നെ സൂചിപ്പിക്കുകയുണ്ടായി. അത്തരത്തിൽ ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനുവേണ്ടി പദ്ധതികൾ ഏകോപിപ്പിക്കുകയും അവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ ഈ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കണമെന്നുള്ള നിലയിലാണ് മുന്നോട്ട് പോകുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ടാസ്ക് ഫോഴ്സുകളുടെ നിഗമനങ്ങൾ തത്വത്തിൽ അംഗീകരിച്ചു എന്നുപറഞ്ഞു. മിഷൻ ഫോർ എംപ്ലോയ്മെന്റ് ജനറേഷൻ ആക്ടിവിറ്റീസ് എന്ന ദൗത്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പദ്ധതി ഉണ്ടാക്കിയത്. അതിപ്പോൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കെ. ബാബു: സർ, കമ്പനീസ് ആക്ടിലെ സെക്ഷൻ എട്ട് പ്രകാരം ലാഭരഹിതമായി പ്രവർത്തിക്കുന്ന ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കമ്പനിക്ക് പ്രവർത്തന മൂലധനമായി

പരമാവധി അൻപത് കോടി രൂപവരെ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഹൈ പവർ കമ്മിറ്റിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും വിവിധ വകുപ്പുമന്ത്രിമാരും ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റിയും രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറിമാരുടെ തലത്തിലും ജില്ലാതലത്തിലും ഇതിനുള്ള ഭരണസംവിധാനമുണ്ടാകും.

ശ്രീ. വി. റ്റി. ബൽറാം: സർ, എംപ്ലോയ്മെന്റ് ജനറേഷനുവേണ്ടി ധനസഹായം നൽകുന്നതിനോടൊപ്പം വിവിധ സർക്കാർ ഏജൻസികളുടെ ഏകോപനത്തിനുവേണ്ടി കൂടി സർക്കാർ ശ്രമിക്കുന്നു എന്നറിയുന്നതിൽ വലിയ സന്തോഷമുണ്ട്. അതോടൊപ്പം ഈ സംരംഭകത്വം എന്നു പറയുന്നത് ഒരു മനോഭാവമായി നമ്മുടെ യുവതലമുറയിൽ വളർത്താൻ വേണ്ടി നമുക്ക് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ആ അർത്ഥത്തിലുള്ള ഒരു സംരംഭകത്വ പരിശീലനം വിദ്യാർത്ഥികളായിരിക്കുമ്പോൾ മുതൽ നൽകി അവരെ ഭാവിയിലെ സംരംഭകരും തൊഴിൽ ദായകരുമാക്കി മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് വലിയ ശ്രദ്ധകൊടുക്കുമോ; ഇവിടെ ഇപ്പോൾ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് നല്ല രീതിയിൽ ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. സ്റ്റുഡന്റ് ബിസിനസ്സ് ഇൻകുബേറ്റേഴ്സ് ഇവിടെ

വരികയാണ്. പക്ഷെ ഇത് ഏതെങ്കിലും ഒന്നോ രണ്ടോ ലൊക്കാലിറ്റിയിൽമാത്രം കേന്ദ്രീകരിക്കാതെ പൊതുവിൽ തന്നെ നമ്മുടെ വിദ്യാഭ്യാസ കരിക്കുലത്തിന്റെ ഭാഗമായി ഈ സംരംഭകത്വ പരിശീലനം ഉൾപ്പെടുത്താനുള്ള പ്രത്യേകമായിട്ടുള്ള കർമ്മപദ്ധതി ഗവൺമെന്റ് തയ്യാറാക്കുമോ?

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. വിദ്യാർത്ഥി ജീവിത കാലഘട്ടം മുതൽ സംരംഭത്വ പരിശീലനം നൽകുന്നത് ഏറ്റവും ഉചിതമായൊരു നടപടിയാണ്. അതുകൊണ്ട് തന്നെ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ തലം മുതൽ സംരംഭകത്വ പരിശീനം നൽകുന്നതിനായി ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാനും ഈ പ്രോജക്ടിന്റെ ഭാഗമായി നിർദ്ദേശമുണ്ട്. അതിന്റെ എല്ലാവശങ്ങളും പരിശോധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്തതിനുശേഷം ഇക്കാര്യത്തിൽ അന്തിമമായ തീരുമാനം ഉണ്ടാകും. ഇതിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്ന ഒരു കാര്യമാണിത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, 2030 ആകുമ്പോഴേയ്ക്കും ലോകത്ത് youngest ജനറേഷൻ ഏറ്റവും കൂടുതലുള്ള രാജ്യമായി ഇന്ത്യ മാറാൻ പോകുകയാണെന്നാണ് കണക്ക്. ജപ്പാന്റെ ശരാശരി പ്രായം 47 വയസ്സ് ആണെങ്കിൽ 2030 ആകുമ്പോൾ ഇന്ത്യയുടെ ശരാശരി പ്രായം 29 വയസ്സ് ആണെന്നാണ് പറയുന്നത്.

ട്രെയിൻഡായിട്ടുള്ള ഹ്യൂമൻ റിസോഴ്സിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് ആഗോളാടിസ്ഥാനത്തിലുള്ള തൊഴിൽ അവസരങ്ങൾക്ക് ഡിഗ്രിയും ഡിപ്ലോമയും ട്രേഡും കഴിഞ്ഞവർക്ക് അവസരം ഒരുക്കാൻ വേണ്ടി കമ്പനികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുകയും ആ ഓൺലൈൻ രജിസ്ട്രേഷൻ അടിസ്ഥാനപ്പെടുത്തികൊണ്ട് രജിസ്റ്റർ ചെയ്യുന്ന ആളുകൾക്ക് ഒരു ഓൺലൈൻ ജോബ് ഫെസ്റ്റിനുള്ള അവസരം ഒരുക്കിക്കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ബാബു: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പ് അങ്ങനെയൊരു പദ്ധതി ഇപ്പോൾ തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി അവർക്ക് ഇവിടെയൊരു അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. തൊഴിൽ വകുപ്പ് എല്ലാ പ്രദേശങ്ങളിലും ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചുകൊണ്ട് യുവതൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ 'YES' പദ്ധതിയെക്കുറിച്ച് വ്യവസായ വകുപ്പുമന്ത്രി തന്നെ പറയുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഏറ്റവും വലിയ ഇനിഷ്യേറ്റീവുള്ള രംഗം തന്നെയാണിത്.

ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 'YES' പദ്ധതി ഉദാഹരണമായി പറഞ്ഞു. വിദ്യാർത്ഥികൾ, യുവാക്കൾ, അതുപോലുള്ള സെക്ഷനുകളെ ലക്ഷ്യം വച്ചുകൊണ്ട്, ഭാവിയിൽ തൊഴിൽ സാധ്യതയുള്ള രംഗങ്ങൾ ഐഡന്റിഫൈ ചെയ്ത് പഠനത്തിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതുപോലെ ഹയർ എഡ്യൂക്കേഷൻ സെക്ടറുകളിൽ ബൂട്ട് ക്യാമ്പ് മിഷൻ പോലുള്ള പല പരിപാടികളും ആവിഷ്കരിക്കുകയുണ്ടായി. അതിനുപുറമേ ഇപ്പോൾ സ്കിൽ ഡെവലപ്പ്മെന്റ്, ഏത് ജോലിയാണെങ്കിലും മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുവാൻ ഇപ്പോൾ employment skill ആവശ്യമാണ്. അക്കാദമിക് എഡ്യൂക്കേഷൻ തിയററ്റിക്കലായി പഠിപ്പിക്കുന്നതിന് പുറമേ എന്തെങ്കിലും ഒരു തൊഴിൽ എടുക്കാനുള്ള കഴിവ് നേടാനാണ് സ്കിൽ ഡെവലപ്പ്മെന്റ് കൊണ്ടുദ്ദേശിക്കുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കീഴിൽ വലിയ ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്, അതിനാവശ്യമായ പണവും ലഭ്യമാണ്. ഇതിന് വിവിധ പരിപാടികൾ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്നുവെന്ന കാര്യം ഇവിടെ പറഞ്ഞു. ഇത് ലക്ഷ്യം വച്ചുകൊണ്ട് വ്യവസായം, തൊഴിൽ, ഇറിഗേഷൻ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വകുപ്പുകളുമായി യോജിച്ച് നല്ല നിലയിൽ പോകുന്നുണ്ട്. ധാരാളം employment opportunities develop ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭിച്ച ആളുകൾ മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നുമുണ്ട്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ എന്തുകൊണ്ടും ശ്ലാഘനീയമാണ്. ഇവിടെ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്തിരുന്നവർ, അവിടെ ജോലി ചെയ്യുന്ന കാലത്ത് നാടിനുവേണ്ടി ധാരാളം സംഭാവനകൾ അർപ്പിച്ചവരാണ്. പ്രവാസി ജീവിതം കഴിഞ്ഞ് തിരിച്ചുവരുന്ന മലയാളികൾ തൊഴിൽ ഇല്ലാതെ കഷ്ടപ്പെടുന്നതായ ധാരാളം അനുഭവങ്ങൾ നമുക്കുണ്ട്. ഇത്തരം ആളുകൾക്ക് അവസരം ഉണ്ടാക്കുന്നതിനുവേണ്ടി ധാരാളം പദ്ധതികളുണ്ടെങ്കിൽപോലും പലപ്പോഴും അത് ഫലപ്രദമായി നടക്കുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ഗൾഫ് മലയാളികൾക്കു വേണ്ടിയുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തനതായ കഴിവുകൾ ഉപയോഗിച്ച് പല രംഗങ്ങളിലും നൈപുണ്യം നേടിയിട്ടാണ് ഗൾഫിൽ നിന്ന് പല ആളുകളും തിരിച്ചുവരുന്നത്. ആ രംഗങ്ങളിലൊക്കെ അവരെ സഹായിക്കാൻ പ്രവാസി വകുപ്പ് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മാത്രമല്ല വ്യവസായ വകുപ്പും പ്രവാസി വകുപ്പും ചേർന്നുകൊണ്ട് അവർക്ക് ധനസഹായം ലഭ്യമാക്കുന്നുമുണ്ട്. അത്

ഒരു മിഷൻ മോഡലിൽ നടക്കുന്നതുകൊണ്ട് കുറേയാളുകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ കമ്പനിയുണ്ടാക്കി ക്ലീനിംഗ്, ഓഫീസ് വർക്ക് പോലെയുള്ള ഏത് ജോലിയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള മേഖലകൾ ഇവിടെയും വളർന്നുവരുന്നുണ്ട്. അതിനാൽ അവർ പരിചയിച്ച ഒരു തൊഴിലുമായി രംഗത്തുവന്നാൽ, ചെറിയ കമ്പനി രൂപീകരിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ, ഇതുപോലുള്ള നിരവധി രംഗങ്ങളിൽ ഇത്തരത്തിലുള്ള ആളുകൾക്ക് അവസരം ഉണ്ടാക്കികൊടുക്കാനുള്ള ശ്രമങ്ങൾ നടത്തുകയും കുറേയൊക്കെ സാധ്യമാകുകയും ചെയ്യുന്നുണ്ട്.

<u>ശ്രീ. കെ. രാജു</u>: സർ, വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമും (ASAP) അതുപോലെ തന്നെ വി.എച്ച്.എസ്.ഇ-യും. പാസായി ഇറങ്ങുന്ന കുട്ടികൾക്ക്, അവർ പഠിച്ച ട്രേഡ് കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ പ്രാക്ടീസ് ചെയ്യുവാനും തുടർന്ന് ഗ്രാമപ്രദേശങ്ങളിൽ മറ്റും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന 'അസാപ്' നല്ല പദ്ധതിയാണ്. പക്ഷേ, ആ ഒരു ട്രേഡിൽ സ്കിൽ ഉണ്ടായതിനുശേഷം അത് പ്രയോജനപ്പെടുത്താൻ അവസരമില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, വിവിധ വകുപ്പുകൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തൊഴിൽ വകുപ്പ് 'അക്കാദമി ഫോർ സ്കിൽ ഡെവലപ്പ്മെന്റ്' എന്ന പേരിൽ ഒരു അക്കാദമി തന്നെ രൂപീകരിച്ചിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനും വിദേശത്തുൾപ്പെടെയുള്ള തൊഴിലവസരങ്ങൾക്ക് നമ്മുടെ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയെന്നുമുള്ള ലക്ഷ്യമാണ് ആ അക്കാദമിക്കുള്ളത്. എല്ലാം വകുപ്പുകൾക്കും ഇതുപോലുള്ള പദ്ധതികളുണ്ട്. ഇതെല്ലാം ഏകോപിപ്പിച്ച് ഒരു കുടകീഴിൽ കൊണ്ടുവരികായെന്നുള്ളതാണ് മിഷൻ ഫോർ എംപ്ലോയ്മെന്റ് ജനറേഷൻ ആക്റ്റിവിക്ടീസ് എന്ന് പറയുന്ന ദൗത്യത്തിന്റെ ലക്ഷ്യം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, പദ്ധതികൾ നിരവധിയുണ്ടെങ്കിലും അതിനെപ്പറ്റി പലർക്കും അറിവില്ല. അതുകൊണ്ട് ജില്ലകളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കാൻ കഴിയുമോ; ഇതിന് വ്യാപകമായ പ്രചരണം കൊടുക്കുകയാണ് വേണ്ടത്. തൊഴിൽ അന്വേഷകർക്ക് ഇതുപോലുള്ള പദ്ധതിയുണ്ടെന്നും അവർക്ക് ധനസഹായം ലഭിക്കുമെന്നുമുള്ള അറിവാണ് നമ്മൾ കൊടുക്കേണ്ടത്. അതിനുള്ള എന്തെങ്കിലും നടപടി ജില്ലാതലങ്ങളിൽ നടത്താൻ ആലോചിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലെ പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് തന്നെയാണ്. വിവിധ സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ സഹായിക്കുക എന്നുള്ളതാണ്. അതുപോലെ പ്രോജക്ട് തയ്യാറാക്കൽ, ധനകാര്യ കണ്ണികൾ പ്രദാനം ചെയ്യൽ, വിപണന കണ്ണികൾ പ്രദാനം ചെയ്യൽ, സാങ്കേതിക സഹായം, കൈതാങ്ങ് നൽകി പരിപോഷിപ്പിക്കൽ, ശേഷി വികസനം തുടങ്ങി സംരംഭകന് ആവശ്യമായ എല്ലാ സഹായവും പ്രദാനം ചെയ്യുകയെന്നതാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മന്ത്രിമാർക്ക് ചോദ്യങ്ങൾക്ക് ഇത്തരത്തിലുള്ള ഉത്തരം മാത്രമേ പറയാൻ കഴിയൂ. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ലോകം മുഴുവൻ സഞ്ചരിച്ച് അതിന്റെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ കുറേ സ്വപ്നങ്ങളും ആഗ്രഹങ്ങളുമെല്ലാം ഇവിടെ പ്രകടിപ്പിച്ചു. അതെല്ലാം നല്ല കാര്യമാണ്. കേരളത്തിലെ 140 മണ്ഡലങ്ങളിലും ഇവിടെ പറഞ്ഞതുപോലെ, ഒരു യൂണിറ്റെങ്കിലും പുതിയ സംരംഭകനെ കൊണ്ട് ആരംഭിക്കാൻ നമുക്ക് കഴിഞ്ഞാൽ, 25 ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയുന്ന ഒരു ടാർജറ്റ് സ്കീം..... 'യെസ്' പ്രോഗ്രാം പോലെ വ്യവസായ വകുപ്പുമന്ത്രി മുമ്പ് ആരംഭിച്ച കുറേ

പ്രോജക്റ്റുകളുണ്ട്. ബാങ്കിൽ ലോണിന് പോയാൽ ആറായിരം കോടി രൂപയ്ക്ക് അപേക്ഷിക്കുന്ന അദാനിക്ക് കിട്ടും, എന്നാൽ പാവപ്പെട്ടവൻ പത്തുലക്ഷം രൂപ ലോണിന് അപേക്ഷിച്ചാൽ കിട്ടില്ല. അതുപോലെ, ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തിന് ചെന്നാൽ നൂറു പ്രാവശ്യം ഒബ്ജക്ഷൻ പറയും. അതോടുകൂടി പദ്ധതി അവസാനിക്കും. പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങുന്നതിന് ഡി. & ഒ. ലൈസൻസ് ആവശ്യമാണ്. എന്നാൽ ലൈസൻസ് കിട്ടില്ല, മാർക്കറ്റിംഗില്ല, അടിസ്ഥാന സൗകര്യമില്ല. കെഎസ്.ഇ.ബി.യെ സമീപിക്കുന്നയാൾ അതോടുകൂടി പദ്ധതി അവസാനിപ്പിക്കും. എന്റെ മണ്ഡലത്തിലെ പാപ്പനംകോട് എന്ന സ്ഥലത്ത് 36 ഏക്കർ ഭൂമിയിലാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിച്ചത്. 36 ഏക്കർ എന്നുവച്ചാൽ കോടാനുകോടി രൂപ വില വരുന്ന സ്ഥലമാണ്. ബഹുമാനപ്പെട്ട സ്പീക്കറിന്റെ പഴയ മണ്ഡലമാണ്. അവിടെ അദ്ദേഹവും കൂടി മുൻകയ്യെടുത്താണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കൊണ്ടുവന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ഇന്ന് അവിടെ നാല് കടകൾ മാത്രമാണുള്ളത്. ഇതാണ് നമ്മൾ എന്ത് 'യെസ്' പറഞ്ഞാലും കേരളത്തിലെ സ്ഥിതി ഇതാണ്. ഇക്കാര്യത്തിൽ ഭരണകക്ഷി -പ്രതിപക്ഷമെന്ന പ്രശ്നമല്ല. ഞാൻ ഈ പറഞ്ഞ ഡിപ്പാർട്ടുമെന്റുകളിൽ കുറേ താപ്പാനകളുണ്ട്, ഒരു നിവൃത്തിയുമില്ല. ഏതെങ്കിലും ഒരാൾ ഒരു സ്ഥാപനം തുടങ്ങണമെന്ന് പറഞ്ഞ്

പോയാൽ അന്ന് അവന്റെ ജീവിതം അവസാനിക്കും. പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അങ്ങ് ഒരു ദിവസം വന്ന് കാണണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ പ്രതിബന്ധങ്ങളൊക്കെ കേരളത്തിലുണ്ട്. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. ഒരു സംരംഭം ആരംഭിക്കുന്നതിനായി ഒരാൾ മുന്നോട്ട് വരികയാണെങ്കിൽ അവന് സകലവിധത്തിലുള്ള ബുദ്ധിമുട്ടുകളുമുണ്ടാകും. പക്ഷേ, അതൊക്കെയാണെങ്കിലും ഇപ്പോൾ സൂക്ഷ്മ-ചെറുകിട വ്യവസായ രംഗത്ത് ഇന്ത്യയിൽ ഏറ്റവും അധികം വളർച്ചാനിരക്കുള്ള സ്റ്റേറ്റായി കേരളം വന്നിരിക്കുകയാണ്. കൃഷിക്കുശേഷം ഏറ്റവും അധികം ആളുകൾ ഏർപ്പെടുന്നത് ചെറിയ ചെറിയ സംരംഭങ്ങളിലാണ്. ഈ സംരംഭങ്ങളേതെന്നുള്ളത് നമ്മൾ മനസ്സിലാക്കാത്തതുകൊണ്ടാണ്. മൊബൈൽ ഫോണുമായി ബന്ധപ്പെട്ട് നിരവധി സാധ്യതകളുണ്ട്. അതിന്റെ പാർട്സ്, മൊബൈൽ ആപ്ലിക്കേഷൻ മേക്കിംഗ് തുടങ്ങി അതുമായി ബന്ധപ്പെട്ട് അനവധി കാര്യങ്ങളുണ്ട്. ഇതെല്ലാം നമ്മൾ മനസ്സിലാക്കാത്തതുകൊണ്ടാണ്. എംപ്ലോയ്മെന്റ് ഏറ്റവും അധികം ജനറേറ്റ് ചെയ്യുന്നത് പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന രംഗങ്ങളിലാണ്. ഏറ്റവും വലിയ ബിസിനസ്സും അതുതന്നെയാണ്. മൊബൈൽ കമ്പനികളും, അതുപോലെയുള്ള വലിയ ബിസിനസ്സ് ഹൗസുകളുമൊക്കെ അതിലേയ്ക്ക്

വരുന്നുണ്ട്. 'YES' എന്ന് പറയുന്നതും അതുതന്നെയാണ്. Young Entrepreneurs Summit- ൽ വന്ന ചെറുപ്പക്കാർ ചെറിയ സംരംഭങ്ങളെ വളരെയധികം സ്വീകരിച്ചിട്ടുണ്ട്. ഒരു ദിവസം കൊണ്ട് ഫലം കാണാൻ പറ്റില്ല. പ്രതിബന്ധങ്ങളൊക്കെയുണ്ടെങ്കിൽ പോലും ഏറ്റവും അധികം വളർച്ചാ നിരക്കുള്ള രംഗമായി സൂക്ഷമ-ചെറുകിട വ്യവസായ രംഗം അതിവേഗം വളർന്നുവരികയാണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഈ കാലഘട്ടത്തിൽ, ഐ.ടി. വ്യവസായ മേഖലകൾക്കുള്ള പ്രാധാന്യം ഇന്ന് ഇവിടെ ചോദ്യത്തിന് ഉത്തരം പറയുമ്പോൾ തന്നെ വ്യക്തമാണ്. നമ്മൾ ആരംഭിച്ച സ്റ്റാർട്ട്-അപ് വില്ലേജുകൾ വളരെ പ്രോത്സാഹനജനകമാണ്. അതുവഴി ധാരാളം തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇവിടെ പ്രധാനമായും മിഷൻ ഫോർ എംപ്ലോയ്മെന്റ് ജനറേഷനിൽ ഐ.ടി.യും വ്യവസായ വകുപ്പുമായി ഒരു ഏകോപനം ഉണ്ടാക്കിയിട്ടുണ്ടോ; അങ്ങനെ ഉണ്ടാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിച്ചു കൂടേ? പഴയ കാലത്ത് ODEPC മുഖാന്തരം വിദേശത്ത് തൊഴിലവസരങ്ങൾ, നാമമാത്രമാണെങ്കിലും, ഉണ്ടാക്കിയിരുന്നു. വിദേശത്തേയ്ക്ക് നല്ല ഹ്യൂമൻ റിസോഴ്സിനെ ഇതിനകം സംഭാവന

ചെയ്യാൻ കഴിഞ്ഞിട്ടുമുണ്ട്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ തൊഴിൽ നൈപുണ്യമുള്ളവരാക്കി ആളുകളെ പറഞ്ഞയയ്ക്കാനുള്ള സംവിധാനത്തെക്കുറിച്ചുകൂടി ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഐ.ടി. കോ-ഓർഡിനേഷൻ നടത്തിയിട്ടുണ്ടോ എന്നറിയില്ല. ഐ.ടി. സാങ്കേതിക വിദ്യ ഒരു ഉപകരണമാണ്. ഈ ഉപകരണം ഒരു മീഡിയമാണ്. ആ ഐ.ടി. സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് കൃഷിയായാലും വ്യവസായമായാലും കച്ചവടമായാലും അതുപോലെതന്നെ വിദേശത്തുള്ള കരാർ ജോലി ഏറ്റെടുക്കലായാലും അതൊരു ഉപകരണമായി ഉപയോഗിച്ചുകൊണ്ട് വിവിധ രംഗങ്ങളിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് ഈ സാങ്കേതിക വിദ്യ തീർച്ചയായും എല്ലാ രംഗത്തേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കും. ശ്രീമതി ജമീലാ പ്രകാശം: സർ,

2030-കളിൽ കൈവരിക്കാൻ പോകുന്ന ഡെമോഗ്രാഫിക് ഡിവിഡന്റിലെ സാധ്യതകളെപ്പറ്റിയാണ് ശ്രീ. റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞത്. അതിനുമുമ്പ്, അതായത് 2020- ഓടുകൂടി അതിന് സമാന്തരമായി ലോകത്തെമ്പാടും സാമ്പത്തിക രംഗത്ത് ഒരു മഹാമാന്ദ്യം വരുമെന്നാണ് കണക്ക് കൂട്ടിയിട്ടുള്ളത്. 1930-കളിൽ ലോകം അനുഭവിച്ചതിനേക്കാളും അങ്ങേയറ്റം ഭയാനകമായിട്ടുള്ള ഒരു സാമ്പത്തിക

മാന്ദ്യമാണ് വരാൻപോകുന്നത്. ഇത്രയും കൂടുതൽ ജനസാന്ദ്രതയും കാർഷിക വിഭവങ്ങളിൽ കുറച്ച് ഉല്പാദന നിരക്ക് കാണിക്കുന്നതുമായ ഈ സംസ്ഥാനത്ത് സാമ്പത്തിക മാന്ദ്യം വലിയ വിപത്താണ് ഉണ്ടാക്കാൻ പോകുന്നത്. വ്യവസായ മേഖലയ്ക്കും സേവന മേഖലയ്ക്കുമാണ് ഏറ്റവും കൂടുതൽ മാന്ദ്യം വരാൻ പോകുന്നത്. കാർഷിക വിഭവങ്ങൾ ഇവിടെ കിട്ടാനില്ലാതെയാകും, അത് വാങ്ങാനുള്ള കഴിവും നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് ഇല്ലാതെയാകും. മഹാമാന്ദ്യം ലോകമെമ്പാടും വരുമ്പോൾ അതിന്റെ ആഘാതം കേരളത്തിലും വരും. അതിനെ മുൻകൂട്ടി കണ്ടുകൊണ്ടും ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടും, പിടിച്ചുനില്ക്കാൻ നമ്മുടെ യുവജനങ്ങളെ പര്യാപ്തരാക്കാൻ ഒരു ബൃഹത്ത് പദ്ധതി ആസൂത്രണം ചെയ്യുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ശ്രീ. കെ. ബാബു</u>: സർ, സാമ്പത്തിക മാന്ദ്യം ലോകത്ത് പല ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. ആ സാമ്പത്തിക മാന്ദ്യം സ്വാഭാവികമായും ഇന്ത്യയേയും കേരളത്തേയും ബാധിക്കും. അതിൽ യാതൊരു സംശയവുമില്ല. തൊഴിൽ സംരംഭകരായ ഗ്രാമീണ യുവാക്കളെ സഹായിക്കുന്നതിനുവേണ്ടിയുള്ള ദൗത്യം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ചോദ്യം വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ധാരാളം

ആളുകൾ തൊഴിലന്വേഷിച്ച് അദ്ദേഹത്തെ സമീപിച്ചപ്പോഴാണ് ഇതുപോലൊരു മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചത്. ഈ മിഷനെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. അതിനുള്ള ഉത്തരവുകൾ ഇറക്കിക്കഴിഞ്ഞു. മാത്രമല്ല, ഇതിനുവേണ്ടി രൂപീകരിക്കുന്ന മന്ത്രിസഭാ ഉപസമിതിക്ക് മന്ത്രിസഭയുടെ അതേ അധികാരങ്ങളുണ്ടാകുമെന്നുള്ള നിലയിലാണ് ഉപസമിതി രൂപീകരിക്കുന്നത്. അത് വളരെ ഗൗരവമായിട്ടാണ് കാണുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഒരു സാമ്പത്തിക മാന്ദ്യം ഉണ്ടായതിനെത്തുടർന്ന് ഒരു സ്റ്റിമുലേറ്റീവ് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇപ്പോഴാണ് തുക കൊടുക്കേണ്ടിവന്നത്. ഏതായാലും ഓരോ കാലഘട്ടങ്ങളിലും ഉണ്ടാകുന്ന പ്രയാസങ്ങളെ നമ്മൾ അഭിമുഖീകരിച്ചേ മതിയാകൂ. കേരളത്തിലെ യുവാക്കളുടെ ശേഷി പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. 'YES' ഉൾപ്പെടെയുള്ള വിവിധ നൈപുണ്യ വിപുലീകരണ പദ്ധതികളെല്ലാം അതിൽ ഉൾപ്പെടും.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, അഖിലേന്ത്യാതലത്തിൽ ഏതാണ്ട് 57 ശതമാനവും സംസ്ഥാന തലത്തിൽ 35 ശതമാനത്തോളവും ജനങ്ങൾക്ക് തൊഴിൽ നൽകുന്നത് കാർഷിക മേഖലയാണ്. കാർഷിക മേഖലയിലധിഷ്ഠിതമായിട്ടുള്ള അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രിയെ ജനങ്ങൾ ഇന്ന് ആകാംക്ഷയോടുകൂടിയാണ്

നോക്കിക്കാണുന്നത്. ആ മേഖലയാണെങ്കിൽ യാതൊരു തൊഴിൽ സാധ്യതയുമില്ലെന്ന നിലയിലേയ്ക്ക് നീങ്ങുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രിയെ പരിപോഷിപ്പിക്കാനും അതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കാനും സാധ്യതകളുണ്ടോ; അതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ന് ഏറ്റവും കൂടുതൽ പ്രയോറിറ്റി നൽകുന്ന ഒരു മേഖലയാണ് അഗ്രോബെയ്സ്ഡ് ഇൻഡസ്ട്രി. കേന്ദ്ര സർക്കാർ ഇപ്പോൾ പുതുതായി ഫുഡ് പ്രോസസ്സിംഗ് പാർക്ക് അനുവദിച്ചുതന്നു. ഫുഡ് പ്രോസസ്സിംഗിന് ഇന്ത്യയിൽ ടോപ്പ് പ്രയോറിറ്റിയാണ് ഉള്ളത്. കേരളത്തിലുള്ള എല്ലാ അഗ്രിക്കൾച്ചറൽ പ്രോഡക്ടുകളും വാല്യൂ അഡിഷന്, കൂടുതൽ വ്യവസായ ഉല്പന്നമാക്കാൻ സാധ്യതയുള്ളതാണ്. അതുകൊണ്ടാണ് ഇന്ത്യാ ഗവൺമെന്റ് കുറഞ്ഞ ഫുഡ്പാർക്കുകൾ അനുവദിച്ചപ്പോൾ കേരളത്തിന് തന്നത്. കിൻഫ്രയുടെ വലിയ പാർക്കുകളെല്ലാം ഇത്തരം വ്യവസായങ്ങൾക്കാണ് കൊടുക്കുന്നത്. ഇവിടെ ഫുഡ് പ്രോസസ്സിംഗ് നന്നായി ഡെവലപ് ചെയ്യുന്നുണ്ട്. മറ്റ് പല സംരംഭങ്ങളും നടക്കുന്നുണ്ട്. ധാരാളം റിസർച്ചും സാങ്കേതികവിദ്യകളുമൊക്കെ നടക്കുന്നുണ്ട്. ഏറ്റവുമധികം വളർന്നുവരുന്ന രംഗമാണ് ഇത്.

അടിയന്തര ചോദ്യം

## ഹയർ സെക്കന്ററി ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി

ശ്രീ. വി. എസ്. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ ചുമതലയിൽ ഹയർ സെക്കന്ററി കോഴ്സിലെ ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടിക്കുവാനുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ടെണ്ടർ ക്ഷണിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ടെണ്ടർ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതിയും ടെണ്ടർ തുറന്ന ദിവസവും എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും ഏതൊക്കെ കമ്പനികളായിരുന്നുവെന്നും ഏത് കമ്പനിക്കാണ് ടെണ്ടർ ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) ടെണ്ടർ ലഭിക്കുന്ന കമ്പനി എത്ര ദിവസത്തിനകം ഹാന്റ് ബുക്ക് പ്രിന്റ് ചെയ്തു നൽകണമെന്നാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(എഫ്) ടെണ്ടർ ലഭിച്ച കമ്പനിക്ക് പ്രിന്റ് ഓർഡർ നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ എന്നാണ് പ്രിന്റ് ഓർഡർ നൽകിയത്;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രിന്റ് ഓർഡർ നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഐ) ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി പൂർത്തിയാക്കി എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) 16-06-2015 - ലാണ് ടെണ്ടർ ക്ഷണിച്ചത്.

(സി) ടെണ്ടർ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി 22.06.2015 ഉം ടെണ്ടർ തുറന്ന ദിവസം 24.06.2015 - ഉം ആയിരുന്നു.

(ഡി) രണ്ട് കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു. M/s. സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം; M/s. മണിപ്പാൽ ടെക്നോളജി ലിമിറ്റഡ്, മണിപ്പാൽ എന്നീ രണ്ട് കമ്പനികളാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. സി-ആപ്റ്റിന്റെ വിവിധ ടെണ്ടറുകൾ പരിശോധിക്കുന്നതിനു വേണ്ടി നിയുക്തമായിട്ടുള്ള ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി ടി ടെണ്ടറുകൾ പരിശോധിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുമ്പ് 2014-15

ൽ ഹയർ സെക്കന്ററി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ ലംഘിക്കുകയും അതുമൂലം പിഴ ഒടുക്കേണ്ടിവന്നതിന്റെയും അടിസ്ഥാനത്തിൽ ഇപ്പോഴത്തെ കരാർ വ്യവസ്ഥകളിലെ ഇനം 19 പ്രകാരം അയോഗ്യരാണെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ ടെണ്ടർ സമർപ്പിച്ച M/s. മണിപ്പാൽ ടെക്നോളജി ലിമിറ്റഡ്, മണിപ്പാൽ ക്വാട്ട് ചെയ്ത തുക സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് ക്വാട്ട് ചെയ്ത തുകയെക്കാളും 23,86,874.50/- രൂപ കൂടുതലായതിനാൽ ടി കമ്പനിക്ക് കരാർ നൽകുന്നത് സംബന്ധിച്ച് ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റിക്ക് വ്യക്തമായ തീരുമാനം എടുക്കുവാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി ആയത് ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വേണ്ടി സമർപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിലേക്കുള്ള കുറിപ്പ് മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ് 29.06.2015-ൽ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

01.07.2015 - ന് പർച്ചേസ് കമ്മിറ്റി കൂടുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത കുറിപ്പിനോടൊപ്പം ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയോഗത്തിന് പരിശോധിക്കേണ്ട അവശ്യരേഖകളായ ടെണ്ടർ നോട്ടിഫിക്കേഷന്റെ പകർപ്പ്, ടെണ്ടർ പ്രസിദ്ധീകരിച്ച പ്രമുഖ ദിനപത്രങ്ങളുടെ

പ്രസക്ത ഭാഗം, ഭരണാനുമതി നൽകിയ ഉത്തരവ്, വർക്ക് ഓർഡർ എന്നിവ എം.ഡി., സി.ആപ്റ്റ് ലഭ്യമാക്കിയിരുന്നില്ല. എന്നിരുന്നാലും ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി മെമ്പർമാരുടെ സൗകര്യാർത്ഥം 08.07.2015 - ൽ ഡി.പി.സി. കൂടുകയുണ്ടായി.

പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി യോഗത്തിൽ മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ് റിപ്പോർട്ട് ചെയ്ത കാര്യങ്ങളും ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റിയുടെ നിരീക്ഷണങ്ങളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി കോഴ്സിലെ ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി സംബന്ധിച്ച് M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡുമായി കൂടിയാലോചന നടത്തി സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് ലിമിറ്റഡ് ക്വാട്ട് ചെയ്ത തുകയ്ക്ക് ടി ജോലി മണിപ്പാൽ ടെക്നോളജീസിനെ കൊണ്ട് ചെയ്യിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുവാൻ എം.ഡി.യെ ചുമതലപ്പെടുത്തി. പ്രസ്തുത കൂടിയാലോചന പരാജയപ്പെട്ടാൽ മാത്രം റീ-ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനപ്രകാരം M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡുമായി സി-ആപ്റ്റ്, മാനേജിംഗ് ഡയറക്ടർ കൂടിയാലോചന നടത്തുകയും സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് ലിമിറ്റഡ് ക്വാട്ട് ചെയ്ത തുകയ്ക്ക് ടി ജോലി ഏറ്റെടുക്കാൻ മണിപ്പാൽ

ടെക്നോളജി ലിമിറ്റഡ് കമ്പനി സമ്മതിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി കോഴ്സിലെ ടീച്ചേഴ്സ് ഹാന്റ് ബുക്ക് പ്രിന്റ് ഓർഡർ 16/07/2015 - ന് M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡിന് നൽകുകയും ചെയ്തു.

(ഇ) ടെണ്ടർ ലഭിക്കുന്ന കമ്പനി 10 ദിവസത്തിനകം പ്രിന്റ് ചെയ്തു നൽകണം.

(എഫ്) ഉണ്ട്.

(ജി) 16.07.2015 ന് വൈകിട്ട് 6.10 ന്.

(എച്ച്) ബാധകമല്ല.

(ഐ) എസ്.സി.ഇ.ആർ.ടി യിൽ നിന്നും 41 ഓളം ടൈറ്റിൽസിന്റെ ഫൈനൽ പ്രിന്റ് ഓർഡർ 18.07.2015 ൽ ആണ് മണിപ്പാൽ പ്രസ്സിന് കൈമാറിയത്. അതിനുശേഷം 10 ദിവസത്തിനകം വർക്ക് ഓർഡർ പ്രകാരമുള്ള കോപ്പികൾ വിതരണത്തിനായി 14 ജില്ലാ കേന്ദ്രങ്ങളിൽ ഭാഗികമായി എത്തിച്ചിട്ടുണ്ട്. എന്നാൽ കവർ ഡിസൈനിൽ ഉണ്ടായ തിരുത്തൽ മൂലം രണ്ടു ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേരളത്തിലെ പാഠപുസ്തക അച്ചടിയെല്ലാം പൂർത്തീകരിച്ചുവെന്നുള്ള പ്രതീതിയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ ഇപ്പോഴും അച്ചടിച്ച് വിതരണം

ചെയ്തു കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, അതിനുമുമ്പ് ലഭ്യമാക്കേണ്ട ഹയർ സെക്കന്ററി ടീച്ചേഴ്സ് ഹാന്റ് ബുക്കിന്റെ അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റും അവിടത്തെ എം.ഡി.യും നടത്തിയിരിക്കുന്ന ഗുരുതരമായ ക്രമക്കേടിന്റേയും അഴിമതിയുടേയും കഥയാണ് ഈ മറുപടി വായിക്കുമ്പോൾതന്നെ മനസ്സിലാകുന്നത്. 24.06.2015-ൽ ടെണ്ടർ നടപടി പൂർത്തീകരിച്ച ശേഷം 23 ലക്ഷം രൂപ കുറവുള്ള കമ്പനിക്ക് കൊടുക്കാതെ ഒരു പ്രത്യേക കമ്പനിക്ക് കൊടുക്കാൻവേണ്ടി നടന്ന ഗൂഢാലോചനയാണ് ഇതിന്റെ പിന്നിലുള്ളത്. ഒരുകോടി തൊണ്ണൂറ്റി എട്ട് ലക്ഷം രൂപ കുറവിന് ടെണ്ടർ ക്വാട്ട് ചെയ്തിട്ടുപോലും ആ കമ്പനികൾക്ക് കൊടുക്കാതെ ഇതേകമ്പനിക്ക് കൊടുക്കാൻ നടന്ന നീക്കത്തെ തുടർന്നാണ് അഴിമതി ആരോപണം ഉന്നയിക്കപ്പെട്ട ടെണ്ടർ റദ്ദാക്കേണ്ടിവന്നിരിക്കുന്നത്. സി-ആപ്റ്റും എം.ഡി.യും ഇതിൽ നടത്തിയിരിക്കുന്ന ഗുരുതരമായ ക്രമക്കേടിനെപ്പറ്റിയുള്ള വിശദവിവരങ്ങൾ മേശപ്പുറത്ത് വയ്ക്കുമോ; അതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് എം.ഡി. ക്ക് എതിരായി അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഇവിടെ വന്ന അടിയന്തര ചോദ്യത്തിനുള്ള മറുപടിയാണ് ഞാൻ പറഞ്ഞത്. ടെണ്ടർ കൊടുക്കുവാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടാണ് ഇക്കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ഉത്തരം ഇവിടെ നൽകുന്നുണ്ട്.

അത് മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുമാണ്. അതിനപ്പുറമുള്ള കാര്യങ്ങൾ എഴുതി തന്നാൽ ഏത് രീതിയിലുമുള്ള അന്വേഷണവും നടത്താൻ തയ്യാറാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)